**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6284 07.11.2016 ൽ മറുപടിയ്ക്ക്**

**ആർ.ടി. ഓഫീസുകളിലെ തിരക്ക്**

| ചോദ്യം<br>ശ്രീ.എം. സ്വരാജ് | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ആർ.ടി.ഓഫീസുകളിൽ തിരക്ക് കാരണം പൊതുജനങ്ങൾക്ക് ഒട്ടേറെ പ്രയാസങ്ങൾ അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈപ്രയാസങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ; | (ബി)<br>&<br>(സി) | പൊതുജനങ്ങളുടെ പ്രയാസങ്ങൾ ഒഴിവാക്കുന്നതിലേയ്ക്കായി നിലവിൽ 26 സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും പണം അടയ്ക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ വഴി നൽകുന്ന നോട്ടീസുകൾക്ക് പിഴ ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനവും നടപ്പിലാക്കി -യിട്ടുണ്ട്. പുതിയതായി രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങൾക്കെല്ലാം ടെമ്പററി രജിസ്ട്രേഷൻ നൽകുന്ന സംവിധാനം പൂർണ്ണമായും ഓൺലൈനാക്കി. ഇതുമൂലം ഈ ആവശ്യത്തി -നായി അപേക്ഷകൻ ആഫീസിൽ വരേണ്ട ആവശ്യമില്ല. ഡ്രൈവിംഗ് ടെസ്റ്റിനുള്ള തീയതി തിരഞ്ഞെടുക്കുന്നതിനുള്ള സംവിധാനവും ഓൺലൈനായി ചെയ്യാവുന്നതാണ്. എല്ലാ പുതിയ നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളുടെയും ടാക്സ് ഓൺലൈനിലൂടെയാക്കുകയും എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും ഓൺലൈനായി ടാക്സ്അടയ്ക്കുന്നതിനുള്ള സംവിധാനം ഉടൻ തന്നെ നടപ്പിലാക്കുന്നതുമാണ്. |
| (സി) | പൊതുജനങ്ങളുടെ പ്രയാസങ്ങൾ ഒഴിവാക്കുന്നതിലേക്കായി നടപടി ക്രമങ്ങൾ കുറയ്ക്കുന്നതിനും ഓൺലൈൻ സേവനങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**